പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം : 2121 | 18-12-2012 ൽ മറുപടിക്ക്

## വൈദ്യുതി സംരക്ഷണത്തിന് ബദൽ മാർഗ്ഗങ്ങൾ

**ചോദ്യം**

ശ്രീ. റ്റി. എൻ. പ്രതാപൻ
,, സി. പി. മുഹമ്മദ്
,, വി. ഡി. സതീശൻ
,, എം. പി. വിൻസന്റ്

**ഉത്തരം**

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വൈദ്യുതി സംരക്ഷണത്തിന് വൈദ്യുതി ബോർഡ് എന്തെല്ലാം ബദൽ മാർഗ്ഗങ്ങ ളാണ് തേടാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം; | (എ) | ഊർജ്ജ സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് ഉപഭോക്താക്കളെ ബോധവത്കരിക്കാനും, വൈദ്യുതിയുടെ ദുരുപയോഗം കുറയ്ക്കാനുമുള്ള മാർഗ്ഗങ്ങൾ പ്രചരിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ബോർഡ് നടപ്പിലാക്കിവരുന്നുണ്ട്. വൈദ്യുതി ബോർഡിന്റെ വിവിധ ഓഫീസുകളിലും ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വൈദ്യുതി ഉപയോഗം കുറയ്ക്കുവാനുള്ള നിർദ്ദേശം നല്കിയിട്ടുണ്ട്. ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങൾ വ്യാപകമാക്കുവാൻ വേണ്ടി ദേശീയ സമ്പാദ്യ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മഹിള പ്രധാൻ എസ്.എ.എസ് ഏജന്റുകളുടെ സേവനം പ്രയോജനപ്പെടുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഗാർഹിക ഉപഭോക്താക്കളിൽ 500 യൂണിറ്റിൽ കൂടുതൽ വൈദ്യുതി ഉപയോഗം ഉള്ളവർക്കും, 20 കിലോവാട്ടിന് മുകളിൽ കണക്ടഡ് ലോഡ് ഉള്ള എല്ലാ വ്യാവസായികഉപഭോക്താക്കൾക്കും ടി.ഓ.ഡി മീറ്ററിംഗ് സംവിധാനം 01.01.2013 മുതൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തെരുവുവിളക്കുകൾ കൃത്യസമയത്ത് കത്തിക്കുന്നതിനും |

| | | | |
|---|---|---|---|
| | | | അണയ്ക്കുന്നതിനുമുള്ള ഓട്ടോമാറ്റിക് ഓൺ ഓഫ് സംവിധാനം നടപ്പിലാക്കാനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |
| (ബി) | വൈദ്യുതി സംരക്ഷണത്തിന് പ്രത്യേക സമിതിയെ നിയോഗപ്പെടുത്തിയിട്ടുണ്ടോ വിശദമാക്കുമോ; സൗരോർജ്ജ വൈദ്യുതിയുടെ ഉദ്പാദനം പ്രോത്സാഹിപ്പിക്കാനും വീടുകളിൽ ഉൽപാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് എടുത്ത് പ്രയോജനപ്പെടുത്താനുള്ള സാധ്യതകൾ പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം | (ബി) | വൈദ്യുതി സംരക്ഷണത്തിന് പ്രത്യേക സമിതിയെ നിയോഗപ്പെടുത്തിയിട്ടില്ല. എന്നാൽ വൈദ്യുതി സംരക്ഷണം സാധ്യമാക്കത്തക്കവിധത്തിൽ ബോധവൽക്കരണം നൽകുന്നതിന് വേണ്ടി ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ ഡിമാന്റ് സൈഡ് മാനേജ് മെന്റ് (ഡി.എസ്.എം) സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. ഈ സെല്ലുകൾക്ക് നിർദ്ദേശങ്ങൾ നല്കുന്നതിനായി കോർപ്പറേറ്റ് തലത്തിൽ ഡി.എസ്.എം സെൽ പ്രവർത്തിക്കുന്നുണ്ട്. ഇലക്ട്രിക്കൽ സബ് ഡിവിഷനുകളിൽ പ്രവർത്തിക്കുന്ന സെല്ലുകൾ റസിഡൻസ് അസോസിയേഷനുകൾ, കുടുംബശ്രീ, ത്രിതല പഞ്ചായത്ത് സ്ഥാപനങ്ങൾ തുടങ്ങിയവരുമായി സഹകരിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. കൂടാതെ ദേശീയ സമ്പാദ്യ വകുപ്പിന്റെ സഹകരണത്തോടെ വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.<br>സൗരോർജ്ജ വൈദ്യുതിയുടെ ഉത്പാദനം പ്രോത്സാഹിപ്പിക്കാൻ അനെർട്ടിന്റെ നേതൃത്വത്തിൽ ഒരു മേൽക്കൂരമേൽ ഒരു കിലോവാട്ട് ശേഷിയുള്ള സൗരോർജ്ജപ്ലാന്റ് എന്ന രീതിയിൽ 10000 മേൽക്കൂരകളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുക എന്ന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഇതുവഴി 10MW ഊർജ്ജ ഉത്പാദനമാണ് അനെർട്ട് ലക്ഷ്യമിടുന്നത്. ഈ പദ്ധതി വഴി ഉത്പാദിപ്പിക്കുന്ന ഊർജ്ജം നിലവിൽ ഗ്രിഡിലേക്ക് എടുത്ത് പ്രയോജനപ്പെടുത്താൻ സാധിക്കില്ല. ഗ്രിഡിലേക്ക് വൈദ്യുതി സ്വീകരിക്കാനുള്ള നയപരവും സാങ്കേതികപരവുമായ കാര്യങ്ങൾ തയ്യാറാക്കുന്ന മുറയ്ക്ക് ഈ വൈദ്യുതി ഗ്രിഡിലേക്ക് കൊടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതിന് ബോർഡിന്റെ മുമ്പിലുള്ള തടസങ്ങൾ നീക്കുന്ന കാര്യങ്ങൾ സമിതി പഠനവിധേയമാക്കുമോ ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ